**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3535** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു.<br><br>ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ മാക്കുന്നതിലൂടെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസിലൂടെ അനുയാത്ര എന്ന പേരിലുള്ള ഒരു സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു<br><br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം II ആയി ചേർക്കുന്നു.<br><br>സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് |

(NISH) മുഖേന ചുവടെ പറയുന്ന ക്ലിനിക്കൽ സേവനങ്ങൾ നടപ്പിലാക്കി വരുന്നു :-

(i) പ്രാരംഭ ഇടപെടലിലൂടെ വൈകല്യം ബാധിച്ചവരെ പുനരധിവസിപ്പിയ്ക്കാനും വിദ്യാഭ്യാസം ചെയ്യിക്കാനും ഉള്ള ഏർളി ഇൻറർവെൻഷൻ, പ്രീ-സ്കൂൾ സംവിധാനങ്ങൾ

(ii)ഭിന്നശേഷിക്കാർക്കായി പുനരധിവാസം, അസിസ്റ്റീവ് സാങ്കേതിക വിദ്യ, വൈകല്യ പഠന-ഗവേഷണം

(iii)കേന്ദ്രസർക്കാരിൻറെ സഹായത്തോടെ ADIP പദ്ധതി വഴി അർഹരായ ഭിന്നശേഷിക്കാർക്ക് ശ്രവണ സഹായികൾ സൗജന്യ വിതരണം

(iv)ശ്രുതി തരംഗം പദ്ധതി വഴി കോക്ലിയർ ഇംപ്ലാൻറ് ചെയ്തവർക്ക് ഓഡിറ്ററി വെർബൽ തെറാപ്പി

(v) ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക-മാനസിക വെല്ലുവിളി, പഠനവൈകല്യം തുടങ്ങി പല വൈകല്യങ്ങൾക്കും ഉള്ള തെറാപ്പി ക്ലിനിക്കുകൾ

(v) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരുടെ കഴിവ് വർദ്ധി പ്പിക്കുന്നതിനായി സ്പീച്ച് തെറാപ്പി, സൈക്കോതെറാപ്പി, ഒക്കുപ്പേഷനൽ തെറാപ്പി, ഫിസിയോതെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ തെറാപ്പികൾ

(vi)വിവിധ ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡേഴ്സ് ഉള്ള കുട്ടികൾക്കായി. അത്യാധുനിക സൗകര്യങ്ങളോടു കൂടി സെൻസറി പാർക്ക്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) മുഖേന

ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :-

(i)എംപവർമെൻറ് ത്രൂ വൊക്കേ ഷണലൈസേഷൻ

(ii)ചൈൽഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച് സെന്റർ ( CDRC)

(iii)സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ (CPRRC)

(iv)റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC)

(v)റിഹാബ് എക്സ്പ്രസ്സ്

(vi)സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ യൂണിറ്റ്

(vii) റീഹാബ് ഓൺ വീൽസ് പദ്ധതി

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജ്യണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിലേക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം

| | | | |
|---|---|---|---|
| | | | വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. കാഴ്ച വൈകല്യം, ശ്രവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തു വരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. 40%മോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കി വരുന്നു.<br><br>ഇവയ്ക്കു പുറമേ സമഗ്ര ശിക്ഷാ കേരളയിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി സഹായ പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (ബി) | അനുയാത്ര പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കി വരുന്നു. ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കി വരുന്നത്. ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യ ഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു |
| (സി) | ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്നും ഏതൊക്ക ഉപകരണങ്ങളാണ് വിതരണം ചെയ്യുന്നതെന്നും അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ; | (സി) | (സി) ഭിന്നശേഷി സഹായ ഉപകരണങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരമാണ് വിതരണം ചെയ്യുന്നത്. ട്രൈസൈക്കിൾ, വീൽ ചെയർ, ക്രച്ചസ്, CP ചെയർ, വാക്കിംഗ്സ്റ്റിക്ക് തുടങ്ങിയ ഉപകരണങ്ങൾ കോർപ്പറേഷന്റെ സഹായ ഉപകരണ നിർമ്മാണ യൂണിറ്റ് ആയ MRST യൂണിറ്റിൽ നിർമ്മിക്കുന്നവയാണ്. മറ്റ് ഉപകരണങ്ങൾ ഇ-ടെണ്ടർ മുഖാന്തരവും ക്വട്ടേഷൻ മുഖേനയും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ ആയ കെൽട്രോൺ, MyG, |

| | | | |
|---|---|---|---|
| | | | മുത്തുകൃഷ്ണൻ ഓർത്തോട്ടിക്സ് സെന്റർ, സ്പൈൻ ഓർത്തോട്ടിക്സ്, Ostrich Mobility ഇൻസ്ട്രുമെന്റ്സ്, ബാംഗ്ലൂർ ആണ് ഭിന്നശേഷിക്കാർക്കാവശ്യമായ സഹായ ഉപകരണങ്ങൾ വാങ്ങി വരുന്നത്. സൈഡ് വീൽ സ്കൂട്ടർ, ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ് ടോപ്, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ സ്മാർട്ട്ഫോൺ, വീൽചെയർ, മൂന്നുവീൽ സൈക്കിൾ ആർട്ടിഫിഷ്യൽ ലിംബ്, കാലിപ്പർ, ശ്രവണ സഹായി ഡി.വി.ഡി. പ്ലെയർ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീ ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. . മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷി-ക്കാർക്ക് സഹായോ പകരണങ്ങൾ നൽകി വരുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.<br><br>കേന്ദ്രസർക്കാരിന്റെ ADIP സ്കീം വഴി അർഹരായവർക്ക് സൗജന്യമായി ശ്രവണ സഹായികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് മുഖേന വിതരണം ചെയ്യുന്നു.<br><br>NIPMR മുഖേന ആവശ്യക്കാർക്ക് മാർക്കറ്റ് നിരക്കിനെക്കാൾ താഴ്ന്ന നിരക്കിൽ നൽകി വരുന്ന സഹായ ഉപകരണങ്ങളുടെ പട്ടിക അനുബന്ധം IV ആയി ചേർക്കുന്നു . |
| (ഡി) | ഭിന്നശേഷിക്കാർക്ക് കൂടുതൽ സൗകര്യദായകമായ | (ഡി) | എൻ.എച്ച്.എഫ്.ഡി.സി. വായ്പ പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | എന്തൊക്കെ പദ്ധതികൾ ആലോചനയിലുണ്ടെന്ന് വിശദമാക്കാമോ? | | ഭിന്നശേഷിക്കാർക്കായി ഭവന വായ്പ പദ്ധതി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.<br><br>നിലവിലുള്ളത് കൂടാതെ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ മറ്റു ജില്ലകളിൽ ആരംഭിക്കുവാനും ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി Bilingual school തുടങ്ങുവാനും ഫൈൻ ആർട്സ് കോഴ്സ് പൂർത്തിയാക്കിയ ഭിന്നശേഷിക്കാർക്കു വേണ്ടി Trade Start up incubator ആരംഭിക്കുവാനും പദ്ധതിയുണ്ട്.<br><br>തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഭിന്നശേഷിക്കാർക്കുള്ള കാരിയർ ഡെവലപ്മെന്റ് സെന്ററുകളായി ഉയർത്തുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ അനുയോജ്യമായ പ്ലെയിസ്മെന്റ്, തൊഴിൽ മെച്ചപ്പെടുത്തൽ, സ്വയംതൊഴിൽ എന്നിവ നേടുന്നതിന് പ്രാപ്തരാക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്, എല്ലാവർഷവും ഭിന്നശേഷിക്കാർക്കായി പ്രത്യേകമായി ജോബ്ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആലോചനയിലുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം- I

## സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### 1) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ / പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 10,00,000/- രൂപയിൽ അധികരിക്കരുത്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം. അർഹതപെട്ട അപേക്ഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

**സ്കോളർഷിപ്പ് നിരക്ക്**

| ശ്രേണി | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് | റീഡേഴ്സ് ആലവൻസ് |
|---|---|---|---|
| 1 മുതൽ 4 വരെ | 300 | ---- | 200 |
| 5 മുതൽ 10 വരെ | 500 | ---- | 200 |
| +1, +2, ITI തത്തുല്യമായ കോഴ്സുകൾ | 750 | 1000 | 300 |
| ഡിഗ്രി, പിജി, പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ | 1000 | 1500 | 400 |
| പ്രൊഫഷണൽ കോഴ്സുകൾ | 1000 | 1500 | 400 |

## 2) വിദ്യാകിരണം പദ്ധതി

ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി /പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിനായി (സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകൾക്ക്) സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. 1 ലക്ഷം രൂപ വരുമാന പരിധി

- 1 മുതൽ 5 വരെ- സ്കോളർഷിപ്പ് നിരക്ക്- 300/- രൂപ
- 6 മുതൽ 10 വരെ- സ്കോളർഷിപ്പ് നിരക്ക്- 500/- രൂപ
- +1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ- സ്കോളർഷിപ്പ് നിരക്ക്- 750/- രൂപ
- ഡിഗ്രി, പിജി, പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ- സ്കോളർഷിപ്പ് നിരക്ക്- 1000/-രൂപ

## 3) വിദ്യാജ്യോതി പദ്ധതി

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പിജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർകൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി

**സ്കോളർഷിപ്പ് നിരക്ക്**

| ക്രമനം | കോഴ്സ്/ക്ലാസ്/വിഭാഗം | പഠനോപകരണങ്ങൾ | യൂണിഫോം(ഒരു കാറ്റഗറിയിൽ ഒറ്റ തവണ മാത്രം ) |
|---|---|---|---|
| 1 | 9 ,10 ക്ലാസുകൾ | 1000 | 1500 |
| 2 | +1, +2, ITI ,VHSC, | 2000 | 1500 |
| 3 | ഡിഗ്രി/ഡിപ്ലോമ /പ്രൊഫഷണൽ കോഴ്സുകൾ | 3000 | - |
| 4 | പിജി | 3000 | - |

## 4) മാതൃജ്യോതി പദ്ധതി

ഭിന്നശേഷിക്കാരിയായ മാതാവിന് പ്രസവാനന്തരം തന്റെ കുഞ്ഞിനെ പരിചരിക്കുന്നതിന് പ്രതിമാസം 2000/- രൂപ നിരക്കിൽ കുട്ടിയ്ക്ക് 2 വയസ്സാകുന്നതുവരെ ധനസഹായം നൽകുന്ന പദ്ധതി

## 5. പരിണയം പദ്ധതി

ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ വനിതകൾക്കും, ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് "പരിണയം". ഗുണഭോക്താക്കൾക്ക് ഒറ്റ തവണ ധനസഹായമായി 30,000/ രൂപ വിതരണം ചെയ്യുന്നു. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്

## 6) ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി

സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ച് വികലാംഗരായ വ്യക്തികൾക്ക് ഒറ്റതവണ പരമാവധി 5,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്ന പദ്ധതി

## 7) സ്വാശ്രയ പദ്ധതി

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന് (സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതി ഒറ്റതവണ ധനസഹായമായി 35,000/- രൂപ അനുവദിക്കുന്നു. ശാരീരിക മാനസിക വെല്ലുവിളി 70%മോ അതിൽ കൂടുതലോ ഉള്ള വ്യക്തികളുടെ മാതാവ് ആകണം . വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചു പോയ സ്ത്രീകൾ,നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ജീവിച്ചിരുന്നിട്ടും വിവാഹബന്ധം വേർപെടുത്താതെ ഭർത്താവിൽ നിന്നും സഹായം ലഭ്യമാകാത്ത സ്ത്രീകൾ,അവിവാഹിതരായ അമ്മമാർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്.

## 8) ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി

ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി

പഠനം നടത്താനാവാതെ വിഷമിക്കുന്നവർക്കായി ഓപ്പൺ യൂണിവേഴ്സ്റ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്സ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും. രജിസ്സ്ട്രേഷൻ ഫീ, കോഴ്സ് ഫീ/ട്യൂഷൻ ഫീ, പരീക്ഷാഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, എന്നിവയ്ക്ക് ആവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വരുമാന പരിധി 1 ലക്ഷം രൂപ. ഓപ്പൺ യൂണിവേർസിറ്റി, പ്രൈവറ്റ് രജിസ്സ്ട്രേഷൻ എന്നിവ വഴി കേരളത്തിനകത്തെ യൂണിവേർസിറ്റികളിൽ രജിസ്റ്റർ ചെയ്ത് ഡിഗ്രിക്കും അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം

## 9) വിജയാമൃതം പദ്ധതി

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി / പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം. ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുവാനും സാധിക്കുന്നു.

ഡിഗ്രി തലത്തിൽ ആർട്സ് വിഷയത്തിൽ 60 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും / അതിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർഥികളാണ് ഗുണഭോക്താക്കൾ. പിജി/ പ്രൊഫഷനൽ കോഴ്സുകൾക്ക് 60 ശതമാനവും /അതിൽ കൂടുതൽ മാർക്ക് കരസ്ഥമായിരിക്കണം. അപേക്ഷകർ സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ ( പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും ആദ്യ അവസരത്തിൽ തന്നെ പാസായിരിക്കണം.

## 10) സഹചാരി പദ്ധതി

പരസഹായം ആവശ്യമായ 40%നു മുകളിൽ വൈകല്യമുള്ള കുട്ടികളെ പഠനത്തിലും മറ്റ് കാര്യ നിർവഹണങ്ങളിലും സഹായിക്കുന്ന/ പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റ്/ എയിഡഡ്/ പ്രൊഫെഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന യൂണിറ്റിനെ ആണ് ആദരിക്കുന്നത്.

ജില്ലയിൽ നിന്നും മികച്ച 3 യൂണിറ്റിന് ആണ് അവാർഡ് നൽകുന്നത്. വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സഹായിക്കുന്ന യൂണിറ്റിനെയും അവാർഡിന് പരിഗണിക്കും.

## 11) പരിരക്ഷ പദ്ധതി

അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടിവരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി അപകടങ്ങൾ/ആക്രമണങ്ങൾ/പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന അംഗപരിമിതരാണ് ഗുണഭോക്താക്കൾ. അടിയന്തിര സഹായമായതിനാൽ വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. 25,000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ്. ആയതിന് മുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിട്ടറിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

## 12) സഹായ ഉപകരണ വിതരണ പദ്ധതി

സംസ്ഥാനത്ത് 2015-ൽ പ്രസിദ്ധീകരിച്ച ഭിന്നശേഷിക്കാരുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 22 തരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 7,94,834 പേരെ കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ളവരാണ്. ഇവർക്ക് സഞ്ചരിക്കുന്നതിനും ആരോഗ്യപരിപാലനത്തിനും വിദ്യാഭ്യാസം നേടുന്നതിനും ജോലി സംമ്പാദിക്കുന്നതിനും പ്രായോഗികമായി വളരെ ത്യാഗം ആവശ്യമായി വരുന്നുണ്ട്. അംഗപരിമിതരുടെ അവകാശ സംരക്ഷണവും സാമൂഹ്യസുരക്ഷിതത്വവും ഉറപ്പുവരുത്തി രാഷ്ട്രനിർമ്മാണത്തിന് പ്രാപ്തരാക്കുന്നതിന് അവർക്ക് തടസ്സമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുകയും അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. അംഗപരിമിതന്റെ കുടുംബത്തിന്റെ വരുമാനം പരമാവധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകൻ ആവശ്യപ്പെടുന്ന സഹായ ഉപകരണം ഉപയോഗിക്കുന്നതിന് അപേക്ഷകന് പ്രാപ്തിയുണ്ടെന്നുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സർക്കാർ / സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും ഒരു തവണ ഉപകരണം ലഭിച്ചവർ ടി പദ്ധതി പ്രകാരം അർഹരല്ല

## 13) ഇമ്പ്രെസ്റ്റ് മണി

പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥർക്കും അശരണർക്കും ആഹാരം, വസ്ത്രം, വൈദ്യസഹായം എന്നിവ നൽകി അവരെ പുനരധിവസിപ്പിക്കുക

ഉൾപ്പെടെയുള്ള അടിയന്തര സഹായം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി.

**14) ശ്രേഷ്ഠം പദ്ധതി:**

കലാകായിക രംഗങ്ങളിൽ ഫലപ്രദമായ രീതിയിൽ പങ്കെടുക്കുന്ന/മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ് /കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് ശ്രേഷ്ഠം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം. നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്ന പദ്ധതി.

**15. സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി : സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി :** മാനസ്സിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്ന സർക്കാർ / സർക്കാരിതര സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതിയാണ് സൈക്കോസോഷ്യൽ ഗ്രാന്റ് -ഇൻ എയ്ഡ് പദ്ധതി. കേരള സൈക്കോ സോഷ്യൽ റൂൾ - 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്-അനുവദിച്ച വരുന്നത്. സംസ്ഥാനത്തെ 43 സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഗ്രാന്റിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

**16. പ്രത്യാശ പദ്ധതി**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ച വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ച വരുന്നതുമായ സൊക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും / നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി. കൂടാതെ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിയ്ക്കുന്ന ശാരീരിക / മാനസ്സിക / ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരെ പാർപ്പിയ്ക്കുന്ന സർക്കാർ ക്ഷേമ സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിയ്ക്കുന്നതും കുടുംബങ്ങൾ ഏറ്റെടുക്കുവാൻ യാതൊരുവിധ സാധ്യതയില്ലാത്തതുമായവരെ സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിയ്ക്കുന്ന പിഡബ്ല്യു.ഡി രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതും സർക്കാർ ഗ്രാന്റ് ലഭിയ്ക്കുന്നതുമായ എൻജി.ഒ സ്ഥാപനങ്ങളിൽ sanctioned strength അധികരിയ്ക്കാത്ത വിധത്തിൽ കൃത്യമായ

വ്യക്തിഗത പരിപാലന പദ്ധതിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിലൂടെ ആളുകളെ പുനരധിവസിപ്പിച്ചു വരുന്നു.

## 17. ഡേ കെയർ പദ്ധതി

മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ കോഴിക്കോട് IMHANS ന്റെ മേൽ നോട്ടത്തിൽ Day Care Centre പ്രവർത്തിച്ചുവരുന്നു. തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് കൗമാര പ്രായത്തിൽ തന്നെ രോഗലക്ഷണങ്ങൾ തുടങ്ങുന്നതിനാൽ സ്വന്തം കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തി നഷ്ടപ്പെടുകയും സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുകയും ചെയ്യുന്നു ഇങ്ങനെ കഴിവുകൾ നഷ്ടപ്പെട്ടു പോയവരെ നിരന്തര പരിശീലനത്തിലൂടെ പഴയ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരികയും തൊഴിൽ നേടിക്കൊടുത്ത് ഉപജീവനമാർഗ്ഗം നൽകുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട കഴിയുന്നവരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ.

## 18. കാഴ്ചപരിമിതരായ അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ് പദ്ധതി

കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചപരിമിതരായ അഭിഭാഷകർക്ക് ഒറ്റത്തവണയായി എക്സ്ഗ്രേഷ്യാ 3000/- രൂപയും, വായനാ സഹായിയെ നിയമിച്ച് റീഡേഴ്സ് അലവന്സ് നല്കുന്നതിനായി പ്രതിമാസം 4,000/- രൂപാ വീതവും വകുപ്പ് മുഖേന അനുവദിച്ചു വരുന്നു. അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, കോർട്ട് പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയവ സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നതു പ്രകാരം തുക അനുവദിച്ചു വരുന്നു. വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. നിലവിൽ 8 വർഷം വരെയാണ് തുക അനുവദിച്ചു വരുന്നത്.

## 19. ബാരിയർ ഫ്രീ കേരള പദ്ധതി

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും, അവകാശ അധിഷ്ഠിത സാമൂഹിക മുന്നേറ്റം ഉറപ്പാക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി കേരളത്തിലെ എല്ലാ സർക്കാർ / പൊതുമേഖലാ ഓഫീസുകൾ, കെട്ടിടങ്ങൾ,സ്ഥാപനങ്ങൾ, പാതകൾ, പാർക്കുകൾ എന്നിവ പ്രതിബന്ധമുക്തവും ഭിന്നശേഷി സൗഹൃദ അന്തരീക്ഷമുള്ളതാക്കാൻ ബാരിയർ ഫ്രീ കേരള പദ്ധതി ലക്ഷ്യമിടുന്നു. ഭിന്നശേഷി അവകാശ നിയമം 2016 ന്റ സെക്ഷൻ 40 പ്രകാരം ആക്സസബിലിറ്റി മാനദണ്ഡങ്ങൾക്കനുസരിച്ച് കെട്ടിയങ്ങളിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രതിബന്ധമുക്തമാക്കുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. അപ്രകാരം ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളിലും റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമ മുറികൾ, ശൗച്യ മുറികൾ, ബ്രയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുവാൻ

നിർദ്ദേശിക്കുന്നു. കൂടാതെ 15/12/2017 ലെ ബഹു.സുപ്രീം കോടതിയുടെ WP© 243/2005 കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ പൊതു കെട്ടിടങ്ങൾ, പൊതുസ്ഥലങ്ങൾ, വിവരസാങ്കേതിക വിദ്യ എന്നിവ ഭിന്നശേഷി സൗഹൃദമാക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ "Harmonised Guidelines and Space Standards for Barrier Free Built in Environment for Persons with Disability and Elderly people 2016" മാനദണ്ഡങ്ങൾക്കനുസരിച്ച് ബാരിയർ ഫ്രീ നിർമ്മാണ /നവീകരണ പ്രവർത്തികൾക്കായി സർക്കാർ വിവിധ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുള്ളതും, നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. കണ്ണൂർ ജില്ലയെ ഭിന്നശേഷിസൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

## 20. Accessible India Campaign പദ്ധതി

ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം പ്രസ്തുത നിയമം നിവലിൽ വന്നു അഞ്ച് വർഷ കാലയളവിൽ പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഇതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും ക്യാപ്പിറ്റൽ സിറ്റി , പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് കേന്ദ്രസർക്കാർ അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയ്ക്ക് രൂപം നല്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേക്കായുള്ള പ്രവർത്തികൾ നിർമ്മാണ നിർവ്വഹണ ഏജൻസികൾ മുഖേന പുരോഗമിച്ചു വരുന്നു . അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 23 കെട്ടിടങ്ങൾ കണ്ടെത്തി ആക്സസ് ഓഡിറ്റ് നടത്തി ബന്ധപ്പെട്ട നിർവഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ളതും ,ആയതിന്റെ എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട നിർവഹണ ഏജൻസികൾ സമർപ്പിച്ചു വരുന്നു .

## 21. CDMRP (Community Disability Management and Rehabilittion Programme) പദ്ധതി

സമൂഹത്തിൽ പ്രത്യേക പരിഗണനയും പരിചരണവും ആവശ്യമുള്ള ബുദ്ധിവികാസ വൈകല്യ മുള്ളവർക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് വൈകല്യങ്ങളുടെ പ്രതിരോധം, ചികിത്സാ പുനരധിവാസ പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CDMRP(Community Disability Management and Rehabilitation Programme). ഈ പദ്ധതിക്ക് കീഴിൽ മൂന്നു ജില്ലകളിലുമായി 10 കമ്മ്യൂണിറ്റി ക്ലിനിക്കുകളും, കാലിക്കറ്റ് യൂണിവേഴ്സിറ്റി മനശാസ്ത്ര വിഭാഗത്തിന് കീഴിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ അഡ്വാൻസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് ക്ലിനിക്കും പ്രവർത്തിച്ചു വരുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ തെറാപ്പി സേവനങ്ങൾ സൗജന്യമായി നൽകിവരുന്നു. അതോടൊപ്പം 18 വയസ്സുകഴിഞ്ഞ ഭിന്നശേഷിക്കാർക്കായി ഒരു Pre-Vocational Training Centre, Community Based Early Intervention Centre എന്നിവയും നടന്നു വരുന്നു. കൂടാതെ

ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾ, കമ്മ്യൂണിറ്റി വോളണ്ടിയേഴ്സ്, അധ്യാപകർ, വിവിധ പ്രൊഫഷണലുകൾ എന്നിവർക്കായി വിവിധ പരിശീലന പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി വിജയകരമായി നടന്നു വരുന്നു

## 22. മൊബിലിറ്റി മിഷൻ കേരള പദ്ധതി

സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായി വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്ടീവ് സർജറി ഉൾപ്പടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നൽകി തീവ്രവൈകല്യങ്ങളിലേക്ക് പോകുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നൽകുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്ത സംരംഭമായി നടപ്പാക്കി വരുന്ന പദ്ധതിയാണ് മൊബിലിറ്റി മിഷൻ കേരള

## 23.പുനർജ്ജനി പദ്ധതി

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ മാനസിക ആരോഗ്യ പ്രശ്നങ്ങൾ ഉള്ള ആദിവാസികളുടെ പുനരധിവാസത്തിനായി 50 പേരെ താമസിപ്പിക്കാവുന്ന വിധത്തിൽ 'പുനർജ്ജനി' എന്ന പേരിൽ ഒരു കെയർ ഹോം സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യ വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നിവരുടെ സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## 24. തൊഴിൽ സംവരണം

ഭിന്നശേഷി അവകാശ നിയമം നിഷ്കർഷിയ്ക്കുന്ന തരത്തിൽ ഭിന്നശേഷിക്കാർക്ക് സർക്കാർ നിയമനങ്ങളിൽ 1996 മുതൽ 3% സംവരണം നടപ്പിലാക്കി വരുന്നുണ്ട്. ഭിന്നശേഷി അവകാശ ആക്ട് 2016 ൽ വ്യവസ്ഥ ചെയ്യുന്ന 4% സംവരണം നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തപ്പെടുന്ന എല്ലാ നിയമനങ്ങളിലും ഭിന്നശേഷി വിഭാഗത്തിന് 4% സംവരണം ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഉണ്ടാകുന്ന ഒഴിവുകളിൽ ഭിന്നശേഷി അവകാസ നിയമം 1995 പ്രകാരം ഭിന്നശേഷിക്കാർക്ക് 3% സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

## 25. അതിജീവനം സമഗ്ര പദ്ധതി

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പ് വരുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സർക്കാർ തലത്തിൽ മാത്രമായുള്ള ഇടപെടലിലൂടെ എല്ലാ വിഭാഗക്കാർക്കുമുള്ള ക്ഷേമ പരിപാടികൾ ഉറപ്പാക്കാൻ സാധ്യമല്ലാത്തതിനാലും വൈകല്യ ബാധിതരായവർക്ക് സാമൂഹ്യാധിഷ്ഠിത/കുടുംബാധിഷ്ഠിത പുനരധിവാസം പൂർണ്ണമായും സാധ്യമല്ലാത്തതിനാലും

ഇത്തരം വിഭാഗക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് NGO സഹകരണത്തോടു കൂടി ഭിന്നശേഷിക്കാർക്കായി സമഗ്ര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അതിജീവനം പദ്ധതിയ്ക്ക് **2019-20 സാമ്പത്തിക** വർഷം മുതൽ നടപ്പിലാക്കി വരുന്നു. മാനസ്സികവെല്ലുവിളി നേരിടുന്ന 18 വയസ്സു മുതൽ 40 വയസ്സു വരെ പ്രായമുള്ളവരാണാ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

## 26. നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഓട്ടിസം, സെറിബ്രൽ പാൽസി, ബൗദ്ധിക വെല്ലുവിളി , മൾട്ടിപ്പ്ൾ ഡിസെബിലിറ്റി എന്നിവ ബാധിച്ചവർക്കായുള്ള സമഗ്രആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. കേന്ദ്ര സർക്കാർ പദ്ധതിയാണെങ്കിലും ഇതിൽ അംഗങ്ങളാകുന്നതിന് ഗുണഭോക്താവ് അടക്കേണ്ടുന്ന പ്രീമിയം തുക കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടച്ച് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ നൽകുന്നു. ഇൻഷ്വറൻസ് എല്ലാ വർഷവും പ്രീമിയം അടച്ച് പുതുക്കേണ്ടതുണ്ട്. ഇതും സർക്കാർ തന്നെയാണ് അടക്കുന്നത്. പദ്ധതിയിൽ ചേരുന്നതിന് എ.പി.എൽ വിഭാഗം 500 രൂപയും, ബി.പി.എൽ വിഭാഗം 250 രൂപയും, പദ്ധതിപുതുക്കുന്നതിന് യഥാക്രമം 250, 50 എന്നിങ്ങനെയുമാണ് പ്രീമിയം തുക അടക്കേണ്ടത്.

Jasmin Thomas

അനുബന്ധം II

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ

### 1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്, വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ തുടങ്ങി 100 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗവൺമെൻറ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

നിബന്ധനകൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- സഹായോപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ)

### 2. ട്രൈസ്കൂട്ടർ വിതരണം

താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്..

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി മറ്റ് ഒരു ഭിന്ന

ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല

- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

3. **മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുക മാക്സിമം 15,000/- രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% വും അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിൻറെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിൻറെ കോപ്പി, വാഹനത്തിൻറെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4. **സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)**

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40% മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ കോപ്പി, റേഷൻ കാർഡിൻറെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

5. **സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.**

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം തദ്ദേശ സ്ഥാപനങ്ങൾ/കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം..

6. **ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)**

ഭിന്നശേഷിക്കാരായ ലോട്ടറി ഏജൻറുമാർക്ക് വേണ്ടി കോർപ്പറേഷൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിക്ക് കീഴിൽ, പുതിയതായി ലോട്ടറി വിൽപ്പന തുടങ്ങുന്നവർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നതാണ്.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം,
- ലോട്ടറി വകുപ്പിൽ നിന്നുള്ള ഏജൻസി ലൈസൻസും, പുതിയ ഏജൻറ് സർട്ടിഫിക്കറ്റ്
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

7. **സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം.**

സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്ത ഭിന്നശേഷിയുള്ളവർക്ക് സാമ്പത്തിക സഹായം 25000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

മാനദണ്ഡങ്ങൾ

- കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന.
- റവന്യൂ വകുപ്പിൽ നിന്നും ഈട് നൽകാൻ കഴിയില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം

8. **എൻ.എച്ച്.എഫ്.ഡി.സി വായ്പ.**

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷൻറെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻറ് ഡവലപ്മെൻറ് കോർപ്പറേഷൻറെ പദ്ധതി പ്രകാരമുള്ള സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. ഷെയർ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു.

| തുക | പലിശ |
|---|---|
| 50000/- രൂപ വരെ | 5% |
| 50,000- 5,00,000/- രൂപ വരെ | 6% |
| 5,00,000- 15,00,000/- രൂപ വരെ | 7% |
| 15,00,000 - 25,00,000/- രൂപ വരെ | 8% |

(50000 രൂപവരെയുള്ള വായ്പക്ക് സ്ത്രീകൾക്കും, കാഴ്ച,കേൾവി പരിമിതർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും 1% പലിശയിളവ്)

9. **ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്**

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാത്തവരുമായ ഭിന്നശേഷിക്കാർക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി പാസായ വിദ്യാർത്ഥികൾക്ക്

5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

**10. <u>ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി</u>**

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20000/ രൂപ നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപ വരെ
3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

സി) ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

**11. സ്റ്റേറ്റ് റിസോഴ്സ് സെന്റർ.**

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നിലവിൽ ഹെഡ് ആഫീസ്, **2** റീജ്യണൽ ആഫീസ് എന്നിവയാണ് ഉള്ളത്. കേരളത്തിലെ പല ഭാഗങ്ങളിൽ നിന്നും ഭിന്നശേഷിക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി ഈ ആഫീസുകളിൽ എത്തിച്ചേരാൻ ഏറെ പ്രയാസമാണ്. അതിലുപരി **14** ജില്ലകളിലായി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ/പദ്ധതികൾ ഏകീകരിച്ച് മുന്നോട്ട് പോകുവാൻ കോർപ്പറേഷൻറെ നിലവിലെ സംവിധാനവും അപര്യാപ്തവുമാണ്. ഭിന്നശേഷിക്കാരിലേയ്ക്ക് കോർപ്പറേഷൻറെ സേവനങ്ങൾ എത്തിക്കുന്നതിന് താഴെത്തട്ടിലുള്ള ഫീൽഡ് തല ഇടപെടൽ അനിവാര്യമാണ്. മേൽ സാഹചര്യത്തിൽ **2022-23 plan write up** ഉൾപ്പെടുത്തിയിട്ടുള്ള **State Resouce Centre** എന്ന **component** സംബന്ധിച്ച പദ്ധതി, മാർഗ്ഗ രേഖ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കി **2022 - 2023** സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

**<u>State Resource Centre</u> <u>ന്റെ പ്രവർത്തനങ്ങൾ</u>**

1. NHFDC-Loan Management-Verification Monitoring-Evaluation-Skill Training
2. SHGs- Formation and Monitoring of SHGs of Person with Disablilties
3. MRST Unit Skill Training and Monitoring
4. Programme Coordination and Arrangements
5. Distribution Assistive Devices and Monitoring
6. E- procurement
7. Impact study and research
8. Project and Proposal Planning and Prepration
9. Demonstration of Training of Assistive technology and devices
10. Evaluation and Monitoring of projects and Schems
11. Mass Awareness and Advocacy through Govt. Empannled Agencies.

**<u>State Resource Centre Monitoring Body</u>**

State Resource Centre monitoring നടത്തുന്നതിലേയ്ക്കായി ചുവടെ നല്കിയിരിക്കുന്ന പ്രധിനിധികളെ ഉൾപ്പെടുത്തി ഒരു Monitoring body രൂപീകരിക്കുന്നതാണ്.

1. Managing Director Kerala state Handicaped Welfare Corporation
2. Representative of Social Justice Department
3. Disability Experts (Medical Professional)
4. Representatives of Industries Department – Labour and Skills

## 12. <u>പാറശ്ശാലയിലെ (സാഫല്യം) പരിചരണ കേന്ദ്രം</u>

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷനുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

Jasmin Thomas

# കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

**അനുബന്ധം-III**

## 1. റീജിയണൽ ഏർളി ഇൻററർവെൻഷൻ സെൻറർ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇൻററർവെൻഷൻ സെൻററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇൻററർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെൻററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിൻറെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെൻറ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ് ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## 2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിൻറെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി കേന്ദ്രത്തിൻറെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ് കെട്ടിട നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 3. മൊബൈൽ ഇൻററർവെൻഷൻ യൂണിറ്റുകൾ

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇൻററർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെൻറൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇൻററർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിൻറെ (എൻ. എച്ച്. എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇൻററർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു മൊബൈൽ ഇൻററർവെൻഷൻ യൂണിറ്റ് എന്ന നിലയിലാണ് ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

## 4. കാതോരം

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 62 സർക്കാർ ഡെലിവറി പോയിൻറുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന 97% നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈകേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകിസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിൻറെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള ബെറാ സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻറ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

- പ്രതിവർഷം 1000 1500 കുട്ടികൾ ബെറയിലൂടെ സ്ഥിരീകരണ പരിശോധനക്ക് വിധേയരാകുന്നു. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തുന്നതിനുള്ള സൗകര്യം ശ്രുതിതരംഗം പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. കോക്ലിയർ ഇംപ്ലാൻറേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിറ്ററി വെർബൽ തെറാപ്പി സെൻറർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു

## 5. പ്രത്യേക മേഖലകളിൽ സ്ഥിരം ഇൻറർവെൻഷൻ യൂണിറ്റുകൾ

പട്ടികവർഗ്ഗ മേഖലയിൽ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇൻറർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിൻറെ ഭാഗമായി ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെൻറ് യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പിയും സേവനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കി വരുന്നു.

## 6. ഹെൽപ്പ് ഡെസ്ക്

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻറെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ അവയുടെ സേവനങ്ങൾ ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

## 7. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൻറെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്.

## 8. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ്റീഹാബിലിറ്റേഷൻ സെൻററുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻറർ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ ആരംഭിക്കാനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

## 9. **ഭിന്നശേഷിക്കാർക്കായുള്ള തിരിച്ചറിയൽ കാർഡ്**

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (യൂണിക് ഐഡി ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് - യു.ഡി.ഐ.ഡി)

നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെൻറ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അപ്ലോഡ് ചെയ്ത് ഓൺലൈനായാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്വെയർ മുഖാന്തിരം ലഭ്യമാക്കുന്നു.

## 10. **ഹോർട്ടികൾച്ചർ തെറാപ്പി**

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു നൂതന പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജ് വഴി നടപ്പാക്കി വരുന്നു ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലന പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുകയും അവരിൽ സ്വയമായി തൊഴിൽ ചെയ്യാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## 11. **സ്പെക്ട്രം പദ്ധതി**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018 - 19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### **ഓട്ടിസം സെൻററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെൻററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ,

പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെൻറ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെൻററുകളിലൂടെ ലഭ്യമാണ്.

## റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെൻറർ

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോട്ടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻറ് റിസർച്ച് സെൻറർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. 2021 - 2022 വർഷത്തിൽ ഈ കേന്ദ്രത്തിൻറെ ഭാഗമായ ചൈൽഡ് ഡവലപ്പ്മെൻറ് ആൻറ് റിസർച്ച് സെൻററിൻറെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## രക്ഷിതാക്കൾക്കുള്ള പരിശീലനം

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലക്ഷ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരൻറൽ എംപവർമെൻറ് പ്രോഗ്രാം 2019 - 2020 ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി മാതാപിതാക്കൾക്ക് സഹായകമാകുന്ന സഹയോഗി എന്ന കൈപുസ്തകവും 2770 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

## 12. ശ്രുതി തരംഗം പദ്ധതി

കോക്ലിയയുടെ തകരാറുകൾ മൂലം ശ്രവണവൈകല്യം സംഭവിച്ചിട്ടുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാൻറ് ചെയ്യുന്നതിലൂടെ ശ്രവണ, സംസാര ശേഷികൾ ലഭ്യമാക്കുന്നതിനായി കോക്ലിയാർ ഇംപ്ലാൻറ് സർജറി ശ്രുതി തരംഗം എന്ന പേരിൽ കേരള സാമൂഹ്യ സുരക്ഷാ

മിഷൻ നടപ്പാക്കി വരുന്നു. കോക്ലിയാർ ഇംപ്ലാൻറ് ചെയ്യുന്നതിന് മുൻപ് ആവശ്യമായി വരുന്ന പ്രീ ഹാബിലിറ്റേഷൻ തെറാപ്പിയും കോക്ലിയാർ ഇംപ്ലാൻറ് സർജറിയ്ക്ക് ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികളും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കുന്നു സംസ്ഥാനത്തെ എംപാനൽ ചെയ്ത ആശുപത്രികളിലൂടെയാണ് കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തുന്നത്.

## 13. മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം

തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെനിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ളപദ്ധതിയുടെ ഭാഗമായി ഇതിനാവശ്യമായ കെട്ടിടനിർമ്മാണം നടന്നു വരുന്നു. കോസ്റ്റ്ഫോർഡിനാണ് കെട്ടിടനിർമ്മാണ ചുമതല

## 14. വെള്ളപ്പൊക്കദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി

സംസ്ഥാനത്തുണ്ടായ പ്രളയത്തിൻറെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തൃശ്ശൂർ നാഷണൽ ഇനിസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ എന്നീ സ്ഥാപനങ്ങൾ വഴി സഹായ ഉപകരണങ്ങൾ വിതരണം നടത്തിയത്.

## 15. എം പവർ ഇൻക്യൂബേറ്റർ

അനുയാത്രയുടെ ഭാഗമായി മാജിക്കിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാജിക് അവതിരിപ്പിക്കുന്നതിനും വേതനം ലഭ്യമാക്കുന്നതിനും മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുമായി കഴക്കൂട്ടം മാജിക് പ്ലാനറ്റിൽ ഒരുക്കിയിട്ടുള്ള സ്ഥിരം വേദിയാണ് എം പവർ ഇൻക്യുബേറ്റർ.

16. **പ്രോസ്റ്റെറ്റിക് & ഓർത്തോട്ടിക് സെൻറർ**

കുറഞ്ഞ നിരക്കിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിൽ പ്രോസ്റ്റെറ്റിക് & ഓർത്തോട്ടിക് സെൻറർ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലൂടെ ഗുണനിലവാരമുള്ള കൃത്രിമ കൈ, കാൽ എന്നിവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കി വരുന്നു.

17. **ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിൻറെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി **2021 -22** മുതൽ നടപ്പിലാക്കി വരുന്നു. ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളെ നോഡൽ സെൻററായി അനുവദിച്ച് ആവശ്യത്തിനുള്ള മരുന്ന് കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീ ചിത്ര തിരുന്നാൾ ആശുപത്രിയും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെൻററായി കണ്ടെത്തി അർഹരായവർക്കുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

Jasmin Thomas

അനുബന്ധം IV

| Sl. No | ITEMS |
|---|---|
| 1 | SMO |
| 2 | AFO PAEDIATRIC(PP) |
| 3 | AFO SMALL(PP) |
| 4 | AFO MEDIUM (PP) |
| 5 | AFO LARGE (PP) |
| 6 | AFO-METALIC |
| 7 | AFO ALIMCO SMALL |
| 8 | AFO ALIMCO MEDIUM |
| 9. | AFO ALIMCO LARGE |
| 10 | AFO ARTICULATED : PAEDIATRIC (PP) |
| 11 | AFO ARTICULATED : SMALL (PP) |
| 12 | AFO ARTICULATED : MEDIUM (PP) |
| 13 | AFO ARTICULATED : LARGE (PP) |
| 14 | KAFO ALIMCO SMALL |
| 15 | KAFO ALIMCO MEDIUM |
| 16 | KAFO ALIMCO LARGE |
| 17 | KAFO SMALL |
| 18 | KAFO MEDIUM |
| 19 | KAFO LARGE |
| 20 | HKAFO ALIMCO SMALL |
| 21 | HKAFO ALIMCO MEDIUM |
| 22 | HKAFO ALIMCO LARGE |
| 23 | B/L HKAFO WITH SHOE SMALL |
| 24 | B/L HKAFO WITH SHOE MEDIUM |
| 25 | B/L HKAFO WITH SHOE LARGE |
| 26 | KNEE BRACE WITH SHOE : SMALL |
| 27 | KNEE BRACE WITH SHOE : MEDIUM |
| 28 | KNEE BRACE WITH SHOE:LARGE |
| 29 | KNEE BRACE WITHOUT SHOE : SMALL |
| 30 | KNEE BRACE WITHOUT SHOE : MEDIUM |
| 31 | KNEE BRACE WITHOUT SHOE:LARGE |
| 32 | KNEE CAGE WITH DROP LOCK |
| 33 | MERMAID SPLINT WITH JOINT : SMALL |
| 34 | MERMAID SPLINT WITH JOINT : MEDIUM |
| 35 | MERMAID SPLINT WITHOUT JOINT : SMALL |

| | |
|---|---|
| 36 | MERMAID SPLINT WITHOUT JOINT : MEDIUM |
| 37 | MERMAID SPLINT WITH JOINT : LARGE |
| 38 | FRO |
| 39 | PTB BRACE |
| 40 | ADDUCTOR SEPERATOR : SMALL |
| 41 | ADDUCTOR SEPERATOR : MEDIUM |
| 42 | ADDUCTOR SEPERATOR WITH HIP JOINT : SMALL |
| 43 | ADDUCTOR SEPERATOR WITH HIP JOINT: MEDIUM |
| 44 | CUSTOMIZED WHEELCHAIRS |
| | ORTHOSIS : UPPER EXTREMITY |
| 1 | AEROPLANE SPLINT SMALL |
| 2 | ELBOW ORTHOSIS |
| 3 | WHO PAEDIATRIC |
| 4 | WHO SMALL |
| 5 | WHO MEDIUM |
| 6 | WHO LARGE |
| 7 | PANCAKE SPLINT |
| | SPINAL ORTHOSIS |
| 1 | BRACE HARRIS |
| 2 | LSO ALUMINIUM |
| 3 | LSO PP |
| 4 | SCOLIOSIS BRACE WITH FULL CAST TAKEN |
| 5 | SOMI BRACE |
| 6 | SPINAL BRACE |
| 7 | SPINAL JACKET BIVALVAED WITH FULL CAST TAKEN |
| 8 | TLSO ALUMINIMU |
| 9 | TLSO PP |
| | UPPER EXTREMITY PROSTHESIS |
| 1 | AE PROSTHESIS - FUNCTIONAL |
| 2 | BE PROSTHESIS - FUNCTIONAL |
| 3 | BE PROSTHESIS -COSMETIC |
| 4 | AE PROSTHESIS -COSMETIC |
| | CONVENTIONAL LOWER EXTREMITY PROSTHESIS |
| 1 | SYMS PROSTHESIS |
| 2 | BK PROSTHESIS |
| 3 | ABOVE KNEE PROSTHESIS |
| 4 | LAMINATED AK SYSTEM WITH JAIPUR FOOT |

| | |
|---|---|
| | HI TECH LOWER EXTRIMITY PROSTHESIS |
| | (A) BK PROSTHESIS |
| 1 | ENDOSKELETAL BK PROSTHESIS WITH SACH FOOT |
| 2 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SACH FOOT |
| 3 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SINGLE AXIS FOOT |
| 4 | ENDOSKELETAL BK PROSTHESIS CARBON KEEL FOOT |
| 5 | ENDOSKELETAL TRANSTIBIAL PROSTHESIS WITH BASIC CARBON KEEL FOOT |
| 6 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SILICONE LOCKING LINER,CLUTCH LOCK AND SACH FOOT |
| 7 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SILICONE LOCKING LINER,CLUTCH LOCK AND SINGLE AXIS FOOT |
| 8 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SILICONE LOCKING LINER,CLUTCH LOCK AND BASIC CARBON KEEL FOOT |
| 9 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SILICONE LOCKING LINER,CLUTCH LOCK, ACTIVE HEEL AND FULL LENGTH CARBON KEEL FOOT |
| 10 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SILICONE LOCKING LINER, WITH WAVE, CLUTCH LOCK, ACTIVE HEEL AND FULL LENGTH CARBON KEELFOOT |
| 11 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SILICONE LOCKING LINER, WITH WAVE, CLUTCH LOCK,HIGH DEGREE OF ANKLE MOTION AND REVERSETAPERED TECHNOLOGY FULL LENGTH CARBON KEEL FOOT |
| 12 | ENDOSKELETAL TRANSTIBIAL PROSTHESIS WITH SILICONE LOCKING LINER,WITH WAVE, CLUTCH LOCK, IST CARBON KEEL FOOT |
| 13 | SYMS PROSTHESIS WITH CARBON |
| | **(B) AK PROSTHESIS** |
| 1 | ENDOSKELETAL AK PROSTHESIS WITH 4BAR KNEE JOINT & SACH FOOT |
| 2 | ENDOSKELETAL AK PROSTHESIS WITH WT.ACT.KNEE JOINT & SACH FOOT |
| 3 | ENDOSKELETAL THROUGH KNEE PROSTHESIS |
| 4 | ENDOSKELETAL TRANSFEMORAL PROSTHESIS WITH POLYCENTRIC 3 PHASE HYRAULIC KNEE JOINT, TRANSFEMORAL LOCKING LINER,CLUTCH LOCK,ACTIVE HEEL AND FULL LENGTH CARBON KEEL FOOT |
| 5 | ENDOSKELETAL TRANSFEMORAL PROSTHESIS WITH PUEUMATIC POLYCENTRIC KNEE JOINT, TRANSFEMORAL LOCKING LINER, ACTIVE HEELAND FULL LENGTH CARBON KEEL FOOT |
| 6 | ENDOSKELETAL TRANSFEMORAL PROSTHESIS WITH POLYCENTRIC , HYDROPNEMATIC KNEE JOINT, TRANSFEMORAL LOCKING LINER, CLIUCTH LOCK,ACTIVE HEEL AND FULL LENGTH CARBON KEEL FOOT |

| | |
|---|---|
| 7 | ENDOSKELETAL TRANSFEMORAL PROSTHESIS WITH POLYCENTRIC , HYDROPNEMATIC KNEE JOINT, TRANSFEMORAL LOCKING LINER, CLUCTHLOCK, HIGH DEGREE OF ANKLE MOTION AND "REVERSE TAPERED"TECHNOLOGY FULL LENGTH CARBON KEEL FOOT |
| 8 | ENDOSKELETAL TRANSFEMORAL PROSTHESIS WITH POLYCENTRIC 3 PHASE HYRAULIC KNEE JOINT, TRANSFEMORAL LOCKING LINER,CLUTCH LOCK,HIGHDEGREE OF ANKLE MOTION AND "REVERSE TAPERED" TECHNOLOGY FULL LENGTH CARBON KEEL FOOT |
| 9 | ENDOSKELETAL TRANSFEMORAL PROSTHESIS WITH SINGLE AXIS HYDRAULICKNEE JOINT WITH MANUAL LOCKING AND FREE SWING FUNCTION, TRANSFEMORAL LOCKING LINER, ACTIVE HEEL AND FULL LENGTH CARBON KEEL FOOT |
| 10 | ENDOSKELETAL TRANSFEMORAL PROSTHESIS WITH MONOCENTRIC KNEE JONIT WITH A BRAKE FUNCTION AND A LOCKING LEVER, TRANSFEMORAL LOCKING LINER, CLUCTH LOCK,ACTIVE HEEL AND FULL LENGTH CARBON KEELFOOT |
| 11 | ENDOSKELETAL TRANSFEMORAL PROSTHESIS WITH MONOCENTRIC KNEE JONIT WITH A BRAKE FUNCTION AND A LOCKING LEVER,ACTIVE HEEL ANDFULL LENGTH CARBON KEEL FOOT |
| 12 | ENDOSKELETAL TRANSFEMORAL PROSTHESIS WITH FOUR BAR GEOMETRIC DESIGN BALANCE JOINT, ACTIVE HEEL AND FULL LENGTH CARBON KEEL FOOT |
| 13 | ENDOSKELETAL TRANSFEMORAL PROSTHESIS WITH MICROPROSSESSOR- CONTROLLED KNEE JOINT, TRANSFEMORAL LOCKING LINER, CLUTCH LOCK, HIGH DEGREE OF ANKLE MOTION AND REVERSE TAPERED TECHNOLOGY FULLLENGTH CARBON KEEL FOOT |
| | HI-TECH AE AND BE PROSTHESIS |
| 1 | MYO ELECTRICAL HAND BELOW ELBOW PROSTHESIS BASIC |
| 2 | MECHANICAL BELOW ELBOW PROSTHESIS |
| 3 | MYO ELECTRICAL HAND -ABOVE ELBOW PROSTHESIS BASIC |
| 4 | MECHANICAL ABOVE ELBOW PROSTHESIS |
| | FOOTWEAR |
| 1 | ACCOMMODATIVE FOOT WEAR FOR DISABLED |
| 2 | ACCOMMODATIVE SHOE FOR DISABLED |
| 3 | FOOTWEAR EXTRA WORK : ANTERIOR WEDGE |
| 4 | SOLE RAISING |
| 5 | ARCH |
| 6 | SOLE WEDGE |

Jasmin Thomas